# കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത്

## 2026-27 സാമ്പത്തീക വർഷത്തെ ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 03/03/2026 തിയ്യതിയിലെ 1(1) നമ്പർ തീരുമാനം പ്രകാരവും പഞ്ചായത്ത് ഭരണസമിതിയുടെ 04/03/2026 തിയ്യതിയിലെ 1(1) നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചത്)

## കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് 2026 - 27

## (അവതരണം ശ്രീമതി. റംലാ ബീഗം.വൈസ് പ്രസിഡണ്ട് )

## (കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്)

കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ ആദരണീയനായ പ്രസിഡന്റ്, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺസ്, പ്രിയപ്പെട്ട മറ്റ് ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപനമേധാവികൾ, ജീവനക്കാർ, ബജറ്റ് യോഗത്തിൽ സംബന്ധിക്കുന്ന മറ്റു വിശിഷ്ട വ്യക്തികളെ, 2026-27 വർഷത്തെ ബജറ്റ് അവതരണ യോഗത്തിലേക്ക് എല്ലാവരെയും ആദരപൂർവ്വം ക്ഷണിക്കുന്നു. ഈ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റ് യോഗമാണിത്.

ഇന്ന് ഈ ബജറ്റ് അവതരിപ്പിക്കുമ്പോള്, അത് വെറും അക്കൗണ്ടുകളുടെ കണക്കെടുപ്പ് മാത്രമല്ല; കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും ഭാവിയുടെ ദിശയും രേഖപ്പെടുത്തുന്ന ഒരു ദൗത്യപ്രഖ്യാപനമാണ്. ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുന്ന തനത് ഫണ്ട് പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ആയത് ജനോപകാരപ്രദമായി വിനിയോഗിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. ശേഖരിക്കപ്പെടുന്ന വിഭവം ബുദ്ധിപൂർവ്വമായി വിന്യസിക്കുകയെന്ന ശ്രമകരമായ ഈ ദൌത്യത്തിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇന്ത്യയുടെ ആത്മാവ് അതിന്റെ ഗ്രാമങ്ങളില് ജീവിക്കുന്നു എന്ന വാക്കുകൾ ഇന്ന് കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് തയ്യാറാക്കുമ്പോൾ വീണ്ടും വീണ്ടും മനസ്സിൽ മുഴങ്ങുന്നു. ഇന്ത്യയുടെ ശക്തി ഗ്രാമങ്ങളിൽ തന്നെയാണെങ്കിൽ, ആ ശക്തിയെ ഉണർത്തുക എന്നത് നമ്മുടെ ബാധ്യതയാണ്. ജനങ്ങളുടെ കൈകളിൽ അധികാരം നൽകിയത് വെറും ഭരണഘടനാ ഭേദഗതി കൊണ്ടല്ല അത് ഒരു രാഷ്ട്രീയ ദർശനത്തിന്റെ ഫലമായിരുന്നു. രാജീവ് ഗാന്ധിയുടെ സ്വപ്നമായ അധികാരം ഗ്രാമങ്ങളിലേക്ക് എത്തിക്കുന്ന വികേന്ദ്രീകരണ നയത്തിന്റെ ആത്മാവാണ് നമ്മുടെ പഞ്ചായത്തുകളുടെ ശക്തി. അദ്ദേഹത്തിന്റെ ദർശന പ്രകാരം ഗ്രാമങ്ങൾ ശക്തിപ്പെട്ടാൽ രാജ്യം ശക്തമാകും. അതുകൊണ്ടാണ് സമഗ്ര വികസനം ശക്തമായ ഗ്രാമം എന്ന ലക്ഷ്യത്തോടെ ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഗ്രാമ പഞ്ചായത്തിലെ സേവന മേഖലയയ്ക്ക് പ്രാമുഖ്യം നൽകുന്നതാണ് ബജറ്റ്. ഒപ്പം പശ്ചാത്തല മേഖലയ്ക്കും ഉല്പാദന മേഖലയ്ക്കും ആവശ്യമായ പരിഗണനകൾ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് വർഷത്തെ പ്രാരംഭ ബാക്കി 4,37,93,573/- ( നാലു കോടി മുപ്പത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന് ) രൂപയാണ്.നികുതി നികുതിയേതര വരുമാനമായി ആകെ18596000/- (ഒരു കോടി എൺപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്ററായിരം) രൂപയും പരമ്പരാഗത ചുമതലകൾക്കുള്ള വിഹിതമായി 1,84,84,000/-( ഒരു കോടി എൺപത്തി നാല് ലക്ഷത്തി എൺപത്തി നാലായിരം രൂപ) രൂപയും,സാമൂഹ്യ സുരക്ഷ പെൻഷന് വരവ് ഇനത്തിൽ 11,36,14,000(പതിനൊന്ന് കോടി മുപ്പത്തിയാറ് ലക്ഷത്തി പതിനാലായിരം) രൂപയും,മറ്റ് റവന്യൂ വരവുകളായി 7,72,33,183ഏഴ് കോടി എഴുപത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരത്തിനൂറ്റി എൺപത്തി മൂന്ന്) രൂപയും കൂടി ആകെ 27,17,20,756 (ഇരുപത്തിയേഴ് കോടി പതിനേഴ് ലക്ഷത്തി ഇരുപതിനായിരത്തി എഴുനൂറ്റി അമ്പത്തിയാറ്) രൂപ വരുമാനമായി പ്രതീക്ഷിക്കുന്നു. ആയതിൽ 140959302/-( പതിനാല് കോടി ഒൻപത് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി രണ്ട്) രൂപ ചെലവും 2025-26, 2026-27 വാർഷീക പദ്ധതികൾക്കായി വകയിരുത്തിയ തുകയായ 11,97,69,421 (പതിനൊന്ന് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാനൂറ്റി ഇരുപത്തി ഒന്ന് രൂപയും കുറവ് ചെയ്ത് 1,09,92,033/- (ഒരു കോടി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മുപ്പത്തി മൂന്ന്) രൂപ നീക്കി ബാക്കിയായി ബജറ്റ് വർഷം കണക്കാക്കുന്നു.

## ബജറ്റ് വർഷത്തിൽ വിവിധ മേഖലകളിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങളും വിവരണവും

### ഉൽപാദനം

1. **കൃഷി**

കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് വർഷം 44,72,800/- (നാൽപത്തി നാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എണ്ണൂറ്) രൂപ വകയിരുത്തിയിട്ടുണ്ട്. മേഖലയിലെ പ്രധാനപ്പെട്ട ഇടപെടലുകൾ താഴെ ചേർക്കുന്നു.

- നെൽകൃഷി -5,36,000 (അഞ്ച് ലക്ഷത്തി  മുപ്പത്തി ആറായിരം ) രൂപ
- വാഴകൃഷി – 11ലക്ഷം രൂപ
- തെങ്ങ് കൃഷിക്ക് ജൈവവളം, കുമ്മായം വിതരണം -18,25,000 (പതിനെട്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപ
- ഫലവൃക്ഷത്തൈ വിതരണം-3,84,000 (മൂന്ന് ലക്ഷത്തി  എൺപത്തി നാലായിരം) രൂപ

തെങ്ങ് കൃഷിയിൽ  വിളവ് വർദ്ധിപ്പിക്കുന്നതിന് ജൈവവളം, കുമ്മായം വിതരണവും കുറ്റി കുരുമുളക് തൈകള് വിതരണത്തിനുംപച്ചക്കറി കൃഷിക്കും കിഴങ്ങ് വർഗ്ഗ നടീല് വസ്തു  വിതരണത്തിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## 2. <u>മൃഗസംരക്ഷണം , ക്ഷീരവികസനം</u>

മൃഗ സംരക്ഷണ മേഖല ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങള് ബജറ്റ് വർഷം ലക്ഷ്യമിടുന്നു. മേഖലയില് 29,68,250/- (ഇരുപത്തി ഒൻപത് ലക്ഷത്തി അറുപത്തി എട്ടായിരത്തി ഇരുനൂറ്റി അൻപത്)  രൂപ വകയിരുത്തിയിട്ടുണ്ട്.  ക്ഷീരകർഷകര് അളക്കുന്ന പാലിന് സബ്സിഡി ഉറപ്പാക്കുന്നതിനായി 10,60,000/- ( പത്ത് ലക്ഷത്തി അറുപതിനായിരം) രൂപ വകയിരുത്തുന്നു. കൂടാതെ മേഖലയിലെ പ്രധാന വകയിരുത്തലുകൾ താഴെ ചേർക്കുന്നു.

- കോഴി വളർത്തലിനായി-5,25,850 (അഞ്ച് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി എണ്ണൂറ്റി അൻപത്) രൂപ അനുവദിക്കുന്നു
- കറവ പശു വിതരണം –11,40,000/- ( പതിനൊന്ന് ലക്ഷത്തി നാൽപതിനായിരം)  രൂപ
- കറവപശുക്കൾക്ക് കാലിത്തീറ്റയ്ക്കായി 8,36,470 (എട്ട് ലക്ഷത്തി മുപ്പത്താറായിരത്തി നാനൂറ്റി എഴുപത്) രൂപ എന്നിങ്ങനെ കന്നുകാലികളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി ധാതുലവണ മിശ്രിതത്തിനും തുക അനുവദിച്ചിട്ടുണ്ട്.  പൊതുജനം നേരിടുന്ന വലിയൊരു

പ്രശ്നമായ തെരുവ് നായ ശല്യത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമെ മൃഗാശുപത്രിയിൽ മരുന്നുകള് ഉറപ്പു വരുത്തുന്നതിനായും മൃഗാശുപത്രിയില് ആവശ്യമായ ലാപ്ടോപ്പ് വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

**<u>സേവന മേഖല</u>**

ജനക്ഷേമത്തിനായി സേവന മേഖല ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ആകെ 1,44,53,260/-( ഒരു കോടി നാൽപത്തിനാല് ലക്ഷത്തി അൻപത്തി മൂവായിരത്തി ഇരുനൂറ്റി അറുപത്) രൂപയാണ് മേഖലയ്ക്കായി ഗ്രാമ പഞ്ചായത്ത് അനുവദിച്ചിട്ടുള്ളത്. ഭവന-ആരോഗ്യ-വിദ്യാഭ്യാസ-മാലിന്യ സംസ്കരണ മേഖലയിലാണ് ഇതിന്റ് ഭൂരിഭാഗം തുകയും അനുവദിച്ചിട്ടുള്ളത്.

1. **<u>വിദ്യാഭ്യാസം, കായികം</u>**

വിദ്യാഭ്യാസം, കായിക മേഖലകൾക്കായി 11 ലക്ഷം രൂപ അനുവദിക്കുന്നു. പൊതു സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായും പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഒന്നാം ക്ലാസ് ഒന്നാം തരത്തിന് 3 ലക്ഷം രൂപയും തുടർ വിദ്യാഭ്യാസത്തിനായി 50000/- ( അൻപതിനായിരം) രൂപയും വിജയഭേരി, വിജയസ്പർശം പദ്ധതിക്കായി 1 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് നീന്തല് പരിശീലനം, കുട്ടികൾക്ക് കായികാദ്ധ്യാപകന്, കുട്ടികൾക്ക് അഭിനയം കഥ കവിത ചിത്രരചന-പരിശീലന ക്യാമ്പ്, കുട്ടികൾക്ക് യുഎസ്എസ് എൽഎസ്എസ് പരീക്ഷാ പരിശീലനം എന്നിവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്. ഇതിനെല്ലാം പുറമേ എസ് എസ് കെ വിഹിതമായി 2 ലക്ഷം രൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

2. **<u>പട്ടികജാതി പട്ടികവർഗ്ഗ വികസനം</u>**

പട്ടികജാതി-പട്ടികവർഗ്ഗ മേഖലയെ കൈപ്പിടിച്ചുയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങള് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. മേഖലയിലെ പ്രധാന പരിപാടികള് താഴെ ചേർക്കുന്നു.

- ഭവനനിർമ്മാണ മേഖലയ്ക്കായി 50 ലക്ഷം
- പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 13ലക്ഷം
- പട്ടികജാതി വിദ്യാർത്ഥികൾക്ക് കരിയര് ഗൈഡൻസ് 1 ലക്ഷം
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 60,000/- (അറുപതിനായിരം) രൂപ

കൂടാതെ വിവിധ എസ് സി , ഉന്നതികളിലെ റോഡ് പുനരുദ്ധാരണത്തിനും ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

### 3. ആരോഗ്യം

ഗ്രാമീണ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ മികവുറ്റ പ്രവർത്തനം ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങള് പഞ്ചായത്ത് നടപ്പാക്കാന് ഉദ്ദേശിക്കുന്നു. സ്ഥാപനങ്ങളിൽ മരുന്ന് വാങ്ങുന്നതിനായി 18,50,000/- ( പതിനെട്ട് ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. ശയ്യാവലംബരായ ആളുകളുടെ സംരക്ഷണം പൊതു സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന ബോദ്ധ്യത്തില് നിന്നും പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 13,10,000/- ( പതിമൂന്ന് ലക്ഷത്തി പതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്.

- ആരോഗ്യഭേരി പ്രവർത്തനങ്ങള് - 50,000/- (അൻപതിനായിരം) രൂപ
- ആരോഗ്യ ജാഗ്രത– 1,50,000 ( ഒരു ലക്ഷത്തി അൻപതിനായിരം) രൂപ
- ഫിസിയോ തെറാപ്പി സേവനം ലഭ്യമാക്കൽ 50,000/- (അൻപതിനായിരം) രൂപ

  എന്നിവയ്ക്ക് പുറമേ കുടുംബാരോഗ്യ കേന്ദ്രത്തില് മാനസിക ഒ പി പ്രവർത്തനത്തിനും ക്ഷയ രോഗികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനും ബജറ്റില് തുക വകയിരുത്തിയിട്ടുണ്ട്. .

### 4. കുടിവെള്ളം . ജലസംരക്ഷണം

വേനലിൽ കടുത്ത കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിരവധി കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചു വരുന്നു. കുടിവെള്ളം ,ജലസംരക്ഷണവുമായി ബന്ധപ്പെട്ട് 1,70,000/- ഒരു ലക്ഷത്തി എഴുപത്തിനായിരം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

5. **ശുചിത്വ - മാലിന്യ സംസ്കരണ പരിപാടികൾ**

മാലിന്യത്തിന്റെ ശരിയായ കൈകാര്യം വ്യക്തികളുടെ സ്വഭാവവുമായി ബന്ധപ്പെട്ടതാണ്. ചെറുപ്പം മുതൽക്കേ ശീലിച്ചു വരുന്നതാണ് വ്യക്തിയായും പിന്നീട് സാമൂഹ്യമായും കൈമാറുന്നത്. അതുകൊണ്ട് തന്നെ പൊതുജനങ്ങളില് ശുചിത്വത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും അവരുടെ ശീലങ്ങളില് മാറ്റം വരുത്തുന്നതിനുമായി നടത്തുന്ന ഐ.ഇ.സി പ്രവർത്തനങ്ങള് പൂർവ്വാധികം ശക്തമായി തുടരേണ്ടത് അത്യന്താപേക്ഷികമാണ്. മേഖലയിൽ കൂടുതല് കർശനമായി നിയമം നടപ്പാക്കേണ്ടതുണ്ട്.

- അജൈവ മാലിന്യം കൈമാറൽ-18 ലക്ഷം രൂപ
- എം സി എഫ് ന് സ്ഥലം വാങ്ങലിനായി –50,000/- (അൻപതിനായിരം) രൂപ

എന്നീ പദ്ധതികൾക്ക് തുക അനുവദിക്കുന്നു. ദുർബല വിഭാഗങ്ങളുടെ യൂസർഫീ ഇനത്തില് ടി ആളുകൾക്ക് വരുന്ന സാമ്പത്തികഭാരം ഒഴിവാക്കുന്നതിനും യൂസർഫീ സാർവ്വത്രികമാക്കുന്നതിനും 97,200/- (തൊണ്ണൂറ്റി എഴായിരത്തി ഇരുനൂറ് ) രൂപ കൂടി അനുവദിക്കുന്നു.

6. **വയോജന ഭിന്നശേഷി ക്ഷേമ പരിപാടികൾ**

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടതും ഏറെ ദുരിതം അനുഭവിക്കുന്നതുമായ വയോജനങ്ങളെയും ഭിന്നശേഷിക്കാരുടെയും പ്രശ്നങ്ങൾ സഗൗരവം പരിഗണിച്ചിട്ടുള്ള ബജറ്റാണിത്. ഭിന്നശേഷി മേഖലയിൽ ആകെ 33,65,000/- (മുപ്പത്തി മൂന്ന് ലക്ഷത്തി അറുപത്തിഅയ്യായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർക്ക് അനുവദനീയമായ പരമാവധി തുക സ്കോളർഷിപ്പിന് വകയിരുത്തിയിട്ടുണ്ട്. 22,40,000/- ( ഇരുപത്തി രണ്ട് ലക്ഷത്തി നാൽപതിനായിരം) രൂപ ഇതിനു മാത്രമായി മാറ്റിവെച്ചിരിക്കുന്നു. ഭിന്നശേഷിക്കാരുടെ കലോത്സവത്തിനായി 75,000/- ( എഴുപത്തി അയ്യായിരം) രൂപയും ശാരീരിക മാനസിക വെല്ലുവിളികള് നേരിടുന്ന കുട്ടികൾക്ക് സ്പീച്ച് തെറാപ്പി ഫിസിയോ തെറാപ്പി സേവനത്തിന് 50,000/- ( അൻപതിനായിരം) രൂപയും ബജറ്റില് വകയിരുത്തിയിട്ടുണ്ട്. അനുവദിക്കുന്നു. ബഡ്സ്

റീഹാബിലിറ്റേഷൻ സെന്ററുകള് ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്വമായി ഭരണസമിതി കാണുന്നു. ബഡ്സ് റീഹാബിലിറ്റേഷന് സെന്റിന്റെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി ഏതു സേവനം നൽകുന്നതിനും ഗ്രാമപഞ്ചായത്ത് എല്ലായിപ്പോഴും പ്രതിജ്ഞാബദ്ധമാണെന്ന ഉറപ്പു കൂടി ഈ ബജറ്റ് അവതരണ വേളയിൽ നൽകുവാൻ ആഗ്രഹിക്കുന്നു.

വയോജന വിഭാഗങ്ങൾക്കായി ആകെ 12,39,000/- (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരം) രൂപയുടെ പദ്ധതികൾക്ക് ബജറ്റില് തുക വകയിരുത്തിയിട്ടുണ്ട്. വയോജന പാർക്ക് ,വയോജന സംഗമം, വയോജന സംഗമം, വയോമിത്രം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്.

### 7. <u>വനിതാ ശിശു ക്ഷേമ പരിപാടികൾ</u>

വനിതകളുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ച് സമൂഹത്തിൽ ലിംഗനീതി ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് കൂടുതല് സജീവമായി ഇടപെടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജാഗ്രതാസമിതി ശാക്തീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 3 ലക്ഷം രൂപയും വനിതകൾക്ക് യോഗ പരിശീലനത്തിന് 1,20,000/- (ഒരു ലക്ഷത്തി ഇരുപതിനായിരം ) രൂപയും, വനിതകൾക്ക് ഇലക്ട്രിക് ഓട്ടോറിക്ഷ വിതരണത്തിന് 6,97,460/- (ആറു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാനൂറ്റി അറുപത്) രൂപയും, വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15,60,000/- (പതിനഞ്ച് ലക്ഷത്തി അറുപതിനായിരം) രൂപയും വകയിരുത്തിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പരിപാടികളിൽ അങ്കൺവാടികളുടെ പങ്ക് വലുതാണ്. അതുകൊണ്ട് തന്നെ വിവിധ അങ്കൺവാടികളുടെ അടിസ്ഥാന സൌകര്യങ്ങള് വർദ്ധിപ്പിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി 41 ലക്ഷം രൂപ, ബാലസഭ നടത്തിപ്പിനായി 25,000/- ( ഇരുപതി അയ്യായിരം) രൂപ, അങ്കൺവാടി കലോത്സവത്തിന് 30000/-(മുപ്പതിനായിരം) രൂപ, സ്മാർട്ട് അങ്കണവാടി - 8,75,000/- (എട്ടു ലക്ഷത്തി എഴുപത്തിഅയ്യായിരം) രൂപ,അങ്കണവാടികളിലേക്ക്

വെയിംങ് മെഷീനുകൾ വാങ്ങല് - 52,500/- (അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്) രൂപ എന്നിവയും വകയിരുത്തിയിട്ടുണ്ട്.

8. <u>ഭവന പദ്ധതിയും ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും</u>

ഭവനരഹിതരായവർക്ക് വീടുലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിനുള്ള പദ്ധതി വിഹിതത്തില് നിന്നും തുക അടവാക്കുന്ന വിധത്തിൽ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് വായ്പയായി തുക സമാഹരിക്കുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന നിലവിലുള്ള സംവിധാനത്തോട് ചേർന്നു പോകുന്നു. പർപ്പിട മേഖലയ്ക്ക് ആകെ 1,22,80,000/-( ഒരു കോടി ഇരുപത്തി രണ്ട് ലക്ഷത്തി എൺപതിനായിരം) രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. വീട് റിപ്പയറിംഗിനുള്ള 29,20,000/- (ഇരുപത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരം) രൂപയും ഇതിലുൾപ്പെടുന്നു.

അതിദാരിദ്ര്യ നിർമ്മാർജ്ജനം സാമൂഹ്യ ഉത്തരവാദിത്വമാണെന്നിരിക്കെ ആയതിനുള്ള കൈത്താങ്ങ് ഗ്രാമ പഞ്ചായത്തിൽ നിന്നും എക്കാലവും ഉണ്ടായിട്ടുണ്ട്.

<u>**പശ്ചാത്തല മേഖല**</u>

പശ്ചാത്തല മേഖലയ്ക്കായി ആകെ 1,56,20,000/- (ഒരു കോടി അൻപത്തിആറ് ലക്ഷത്തി ഇരുപതിനായിരം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

1. <u>റോഡുകൾ മറ്റ് ഗതാഗത സൌകര്യമൊരുക്കല്</u>

ഗ്രാമീണ മേഖലയിലെ റോഡുകളുടെ നവീകരണം പരിപാലനം പുതിയ റോഡുകളുടെ നിർമ്മാണം എന്നിങ്ങനെയുള്ള മേഖലയിൽ ഗ്രാമപഞ്ചായത്ത് വലിയ തുക വർഷം തോറും വകയിരുത്തുന്നുണ്ട്. നടപ്പ് വർഷം റോഡുകളുടെ പരിപാലനത്തിനായി മാത്രം 1,45,20,000/- ( ഒരു കോടി നാൽപത്തി അഞ്ച് ലക്ഷത്തി ഇരുപതിനായിരം) രൂപ അനുവദിക്കുന്നു.

2. <u>ഊർജ്ജം</u>

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ മേഖലയിൽപെട്ടതും ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യവുമായ തെരുവ് വിളക്കുകളുടെ പരിപാലനത്തിനും പുതിയവ

സ്ഥാപിക്കുന്നതിനുമായി മുൻവർഷം വകയിരുത്തിയ തുകയ്ക്കുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികള് ഗ്രാമ പഞ്ചായത്ത് സ്വീകരിക്കുന്നുണ്ട്. ബജറ്റ് വർഷം പുതിയ തെരുവ് വിളക്കുകള് സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി 6 ലക്ഷം രൂപ ബജറ്റില് വകയിരുത്തിയിട്ടുണ്ട്.

**ഉപസംഹാരം**

സർവ്വമേഖലയെയും സ്പർശിച്ചു കൊണ്ടും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക ശ്രദ്ധ ചെലുത്തികൊണ്ടും ഗ്രാമപഞ്ചായത്തിന്റെ സമസ്ത മേഖലയിലും സാർവത്രികവും സന്തുലിതവുമായ വികസന പ്രവർത്തനങ്ങള് ലക്ഷ്യം വെച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും പൊതുപ്രവർത്തകർക്കും ഏറെ കാര്യങ്ങള് സംഭാവന ചെയ്യാന് സാധിക്കുന്ന സാമൂഹ്യാന്തരീക്ഷത്തിൽ എല്ലാവരും അതിന് വ്യക്തിപരമായി കൂടി സന്നദ്ധരാകേണ്ടതുണ്ടെന്ന് ഒരിക്കൽ കൂടി വിനീതമായി ഓർമ്മിപ്പിക്കുന്നു.

3. **2026-27 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിന്റെ സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു**

| | | | |
|---|---|---|---|
| A | പ്രാരംഭ ബാക്കി | | 4,37,93,573(നാലു കോടി മുപ്പത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന് രൂപ) |
| B | നികുതി വരുമാനം | Tax Revenue 110 | 1,02,50,000 ഒരു കോടി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ |

| | | | |
|---|---|---|---|
| C | നികുതിയേതര വരുമാനം | Fees and User Charges - 140<br>Sale and Hire Charges - 150<br>Interest Earned - 171<br>Prior Period Items - 280<br>Rental Income -LB Properties - 130 | 83,46,000<br>എൺപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തിയാറാ യിരം രൂപ |
| D | ജനറൽ പർപ്പസ് ഫണ്ട് | Revenue Grants, Contributions and Subsidies - 160 | 1,84,84,000<br>എൺപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തിയാറാ യിരം രൂപ<br>രൂപ |
| E | ആകെ B+C+D | | 37080000<br>മൂന്ന് കോടി എഴുപത് ലക്ഷത്തി എൺപതിനായിരം രൂപ |
| F | സാമൂഹ്യ സുരക്ഷ പെൻഷന്വരവുകൾ | Revenue Grants, Contributions and Subsidies - 160 | 11,36,14,000<br>പതിനൊന്ന് കോടി മുപ്പത്തിയാറ് ലക്ഷത്തി പതിനാലായിരം രൂപ |
| G | ആകെ E+F | | 15,06,94,000<br>പതിനഞ്ച് കോടി ആറ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ |
| H | മറ്റ് റവന്യൂ വരവുകൾ | Earmarked Funds-311<br>Grants, Contribution for Specific Purposes - 320<br>Secured Loans - 330<br>Deposits Received - 340<br>Other Liabilities - 350<br>Advances and Deposits - 460 | 7,72,33,183<br>ഏഴ് കോടി എഴുപത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരത്തിനൂറ്റി എൺപത്തി മൂന്ന് രൂപ |

| | | | |
|---|---|---|---|
| I | ആകെ വരവ് G+H+A | | 27,17,20,756 ഇരുപത്തിയേഴ് കോടി പതിനേഴ് ലക്ഷത്തി ഇരുപതിനായിരത്തി എഴുനൂറ്റിഅൻപത്തി ആറ് രൂപ |
| J | ആകെ റവന്യൂ ചെലവ് | Establishment Expenses - 210<br>Administrative Expenses - 220<br>Operation and Maintenance - 230<br>Interest and Finance Charges - 240<br>Programe Expenses - 250<br>Expenses Related to Productive Sector - 251<br>Expenses Related to Service Sector - 252<br>Expenses Related to Infrastructure Sector - 253<br>Expenses related to State Sponsored Schemes -254<br>Revenue Grants, Cotributions and Subsidies - 260<br>Prior Period Items - 280 | 13,84,59,302 പതിമൂന്നു കോടി എൺപത്തി നാല് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി രണ്ട് രൂപ |
| K | ആകെ മൂലധന ചെലവ് | Grants, Contribution for Specific Purposes - 320<br>Refund of Deposits - 340<br>Payment of Recoveries - 350<br>Fixed Assets - 410<br>Stock in Hand - 431<br>Loans, Advances and Deposits - 460 | 25,00,000 ഇരുപത്തിയഞ്ച് ലക്ഷം |
| L | ആകെ ചെലവ് | | 14,09,59,302 പതിനാല് കോടി ഒൻപത് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി രണ്ട് രൂപ |
| M | ബാക്കി (I-L) | | 13,07,61,454(പതിമൂന്ന് കോടി ഏഴി ലക്ഷത്തി അറുപത്തി ഒന്നായിരത്തി നാനൂറ്റി അൻപത്തിനാല് രൂപ |

| | | | |
|---|---|---|---|
| N | 2025-26 വർഷം കെ സ്മാർട്ടില് ലഭ്യമല്ലാത്ത പദ്ധതി ചെലവ് തുക | | 3,50,00,000( മൂന്ന് കോടി അൻപത് ലക്ഷം രൂപ) |
| O | 2026-27 വർഷം കെ സ്മാർട്ടില് ലഭ്യമാകാത്ത പദ്ധതി ചെലവ് തുക | | 7,69,04,030 (ഏഴ് കോടി അറുപത്തി ഒൻപത് ലക്ഷത്തി നാലായിരത്തി മുപ്പത് രൂപ) |
| P | ആകെ (N+O) | | 11.97,69,421( പതിനൊന്ന് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാനൂറ്റി ഇരുപത്തി ഒന്ന് രൂപ) |
| Q | 31/03/2026 ലെ നീക്കി ബാക്കി (M-P) | | 1,09,92,033 (ഒരു കോടി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മുപ്പത്തി മൂന്ന് രൂപ) |

കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ഈ ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

# Keezhuparamba Grama Panchayat Office

## Form 1

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Opening Balance** | | **30729927** | **43793573** |
| | **Revenue Receipt - 1** | | | |
| | **Tax Revenues - 110** | | | |
| 1 | 1100101 Property Tax (General) | | 6000000 | 8500000 |
| 2 | 1101001 Profession Tax – Employees | | 900000 | 1000000 |
| 3 | 1101002 Profession Tax - Traders/ Institutions | | 450000 | 750000 |
| | **Total Tax Revenues** | | **7350000** | **10250000** |
| | **Fees and User Charges - 140** | | | |
| 4 | 1401001 Private Hospital & Paramedical Institutions Registration Fee | | 300 | 500 |
| 5 | 1401101 License Fees for IFTEOS | | 500000 | 650000 |
| 6 | 1401106 License Fees for Domestic Dogs | | 800 | 1500 |
| 7 | 1401107 Licence Fees For Livestock Farms | | 3500 | 6000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 8 | 1401201 Fees for Construction of Buildings | | 4500000 | 3000000 |
| 9 | 1401202 Fees for Installation of Machinery | | 3000 | 5000 |
| 10 | 1401203 Permit Application fee | | 200000 | 500000 |
| 11 | 1401204 Permit Fee for Additional FSI | | 500 | 1000 |
| 12 | 1401205 Fees for Erection of Telecommunication Tower | | 25000 | 30000 |
| 13 | 1401302 Fees for Delayed Registration - Birth & Death | | 100 | 500 |
| 14 | 1401304 Fee for Marriage Registration | | 49000 | 55000 |
| 15 | 1401305 Fee for Non Availability Certificate | | 100 | 500 |
| 16 | 1401306 Fee for Correction in Registration | | 1500 | 2500 |
| 17 | 1401399 Fees for Other Certificates or Extracts | | 5000 | 7500 |
| 18 | 1401701 Regularization Fees | | 3500000 | 2500000 |
| 19 | 1402001 Penal Interest | | 70000 | 85000 |
| 20 | 1402003 Other Penalities and Fines | | 180000 | 300000 |
| 21 | 1402004 Compounding Fee | | 2000 | 5000 |
| 22 | 1402005 Fine for Dumping Waste | | 25000 | 60000 |
| 23 | 1402006 Fine imposed by Health Authorities | | 65000 | 100000 |
| 24 | 1404004 Ownership Change Fees - Fine | | 10000 | 13000 |
| 25 | 1404008 Delayed Registration Fees | | 600 | 1500 |
| 26 | 1404011 Late Fee | | 3500 | 5000 |
| 27 | 1404099 Other Fees | | 325000 | 400000 |
| 28 | 1405099 Other User Charges | | 2500 | 3000 |
| 29 | 1407001 Road Cutting Charges | | 175000 | 300000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Total Fees and User Charges** | | **9647400** | **8032500** |
| | **Sale and Hire Charges - 150** | | | |
| 30 | 1501001 Receipts from Sale of Agricultural Products | | 36000 | 50000 |
| 31 | 1501003 Receipts from Sale of Usufructs of trees | | 20000 | 30000 |
| 32 | 1501099 Receipts from Sale of Other Products | | 75000 | 75000 |
| 33 | 1501102 Receipts from Sale of Tender Forms | | 325000 | 400000 |
| 34 | 1501202 Receipts from Sale of Scrap | | 25000 | 30000 |
| | **Total Sale and Hire Charges** | | **481000** | **585000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 35 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | | 8635800 | 8712000 |
| 36 | 1601012 Fund for Transferred Functions/ Schemes - Widow Pension | | 11066000 | 19104000 |
| 37 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | | 374000 | 672000 |
| 38 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | | 7435900 | 3984000 |
| 39 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | | 300000 | 710000 |
| 40 | 1601018 Fund for Transferred Functions/ Schemes - Old Age Pension | | 19833400 | 40416000 |
| 41 | 1601023 General Purpose Fund | | 15413000 | 18484000 |
| 42 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | | 4000000 | 40032000 |
| | **Total Revenue Grants, Contributions and Subsidies** | | **67058100** | **132114000** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Income from Investments - 170** | | | |
| 43 | 1701001 Interest on Investments | | 1000 | 5000 |
| | **Total Income from Investments** | | **1000** | **5000** |
| | **Interest Earned - 171** | | | |
| 44 | 1711001 Interest from Bank Accounts | | 425000 | 700000 |
| | **Total Interest Earned** | | **425000** | **700000** |
| | **Other Income - 180** | | | |
| 45 | 1808099 Miscellaneous Receipts | | 100000 | 150000 |
| | **Total Other Income** | | **100000** | **150000** |
| | **Prior Period Items - 280** | | | |
| 46 | 2801001 Prior Period Income | | 0 | 50000 |
| 47 | 2801002 Prior Period Income - Recovery of Unutiltzed Grants/ Funds | | 0 | 200000 |
| | **Total Prior Period Items** | | **0** | **250000** |
| | **Rental Income - LB Properties - 130** | | | |
| 48 | 1301002 Rent from Stadium | | 9000 | 15000 |
| 49 | 1301005 Rent from Conference Hall | | 140000 | 200000 |
| 50 | 1301009 Rent from Auditorium and Halls | | 70000 | 200000 |
| 51 | 1302003 Rent from Buildings | | 55000 | 75000 |
| 52 | 1308002 Rent from Localbody Properties | | 2000 | 0 |
| | **Total Rental Income** | | **276000** | **490000** |
| | **Total Revenue Receipt** | | **85338500** | **152576500** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 53 | 3201004 Central Finance Commission Grant - Tied | | 0 | 4100000 |
| 54 | 3201005 Central Finance Commission Grant - Untied | | 0 | 4500000 |
| 55 | 3201020 Integrated Child Development Service | | 7226300 | 2565500 |
| 56 | 3201028 Swaccha Bharat Mission - Used Water Management | | 1408674 | 0 |
| 57 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 15028846 | 0 |
| 58 | 3202001 Development Fund - General | | 17690285 | 26352000 |
| 59 | 3202002 Development Fund - Special Component Plan | | 15780000 | 5693000 |
| 60 | 3202009 Maintenance Fund - Road Assets | | 11503000 | 12301000 |
| 61 | 3202010 Maintenance Fund - Non-Road Assets | | 8181000 | 8434000 |
| 62 | 3202012 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Crematorium | | 600000 | 0 |
| 63 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | | 525000 | 400000 |
| 64 | 3208010 Beneficiary Contribution | | 2079205 | 2202685 |
| 65 | 3209001 Contribution to Joint Venture Projects from District Panchayat | | 1770765 | 1760000 |
| 66 | 3209002 Contribution to Joint Venture Projects from Block Panchayat | | 1955250 | 700000 |
| | **Total Grants, Contribution for Specific Purposes** | | **83748325** | **69008185** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Secured Loans - 330** | | | |
| 67 | 3305003 Loan from K.U.R.D.F.C | | 0 | 5000000 |
| 68 | 3305004 Loan from HUDCO | | 8000000 | 0 |
| | **Total Secured Loans** | | **8000000** | **5000000** |
| | **Deposits Received - 340** | | | |
| 69 | 3401001 Earnest Money Deposit | | 0 | 300000 |
| 70 | 3401002 Security Deposit | | 0 | 125000 |
| 71 | 3401003 Retention | | 0 | 200000 |
| 72 | 3402002 Auction Deposit | | 0 | 100000 |
| 73 | 3402006 Election Deposit(Candidate) | | 304000 | 0 |
| 74 | 3408099 Other deposits received | | 50000 | 0 |
| | **Total Deposits Received** | | **354000** | **725000** |
| | **Redemption - 431** | | | |
| 75 | 4315002 Receivables from Government (redemption amount) | | 12439580 | 0 |
| | **Total Redemption** | | **12439580** | **0** |
| | **Loans, Advances and Deposits - 460** | | | |
| 76 | 4601001 Festival Advance to Employees | | 0 | 200000 |
| 77 | 4605003 Advance to Implementing Officers | | 0 | 200000 |
| 78 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 2000000 | 2100000 |
| | **Total Loans, Advances and Deposits** | | **2000000** | **2500000** |
| | **Total Capital Receipt** | | **106541905** | **77233185** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |
| 79 | 2101001 Salaries -Secretary | | 800000 | 1500000 |
| 80 | 2101002 Salaries - Engineering Staff | | 100 | 260000 |
| 81 | 2101003 Salaries - Permanent Staff | | 8050000 | 10000000 |
| 82 | 2101004 Salaries - Contract Staff | | 2200000 | 2300000 |
| 83 | 2101005 Salaries - Temporary Staff | | 50000 | 150000 |
| 84 | 2101101 Wages | | 1200000 | 1400000 |
| 85 | 2101201 Bonus | | 25000 | 35000 |
| 86 | 2101401 Honourarium | | 475000 | 500000 |
| 87 | 2102001 Travelling Allowances - Secretary | | 30000 | 40000 |
| 88 | 2102003 Travelling Allowances - Permanent Staff | | 130000 | 160000 |
| 89 | 2102004 Travelling Allowances - Temporary Staff | | 70000 | 100000 |
| 90 | 2102006 Other allowances - Secretary | | 200000 | 30000 |
| 91 | 2102008 Other allowances - Permanent Staff | | 900000 | 300000 |
| 92 | 2102009 Other allowances - Temporary Staff | | 50000 | 65000 |
| 93 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 1775000 | 3000000 |
| 94 | 2102017 Festival Allowance | | 100000 | 150000 |
| 95 | 2102018 Spectacle Allowance | | 4500 | 15000 |
| 96 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 75000 | 100000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 97 | 2102020 Telephone Allowance - Secretary | | 3250 | 6000 |
| 98 | 2102021 Telephone Allowance - Mayor/ Chairperson/ President | | 3250 | 10000 |
| 99 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | | 3250 | 10000 |
| 100 | 2102023 Medical Re-Imbursement -Staff | | 0 | 100000 |
| 101 | 2103001 Employer's Contribution to Pension Fund - Regular Employees | | 150000 | 0 |
| 102 | 2103003 Employer's Contribution to EPF - Contract Employees | | 0 | 200000 |
| 103 | 2103006 Employer's Contribution to NPS - Regular Employees | | 0 | 800000 |
| 104 | 2103007 Pension Contribution | | 50000 | 900000 |
| 105 | 2103010 EPF - Localbody Share towards Administrative Expense | | 0 | 30000 |
| 106 | 2104001 Terminal Leave Surrender | | 50000 | 300000 |
| 107 | 2105099 Other Establishment Expenses | | 300000 | 200000 |
| | **Total Establishment Expenses** | | **16694350** | **22661000** |
| | **Administrative Expenses - 220** | | | |
| 108 | 2201001 Rent of Buildings | | 65000 | 80000 |
| 109 | 2201002 Land Tax/ Basic Tax | | 5000 | 8000 |
| 110 | 2201003 Other Taxes/ Duties | | 5000 | 10000 |
| 111 | 2201005 Vehicle Tax | | 50000 | 65000 |
| 112 | 2201101 Office Electricity Expenses | | 120000 | 120000 |
| 113 | 2201102 Water Charges - Office | | 0 | 50000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 114 | 2201104 Service Connection Charge (KSEB/ KWA) | | 92547 | 100000 |
| 115 | 2201199 Other Office Maintenance Expenses | | 0 | 100000 |
| 116 | 2201201 Telephone Expenses/ Internet Charges | | 60000 | 60000 |
| 117 | 2201202 Postage Expenses | | 15000 | 15000 |
| 118 | 2201299 Miscellaneous Communication Expenses | | 65000 | 15000 |
| 119 | 2201301 Electricity Charges - Allied Institutions | | 40000 | 25000 |
| 120 | 2201302 Water Charges - Allied Institutions | | 50000 | 25000 |
| 121 | 2201303 Rent - Allied Institutions | | 350000 | 100000 |
| 122 | 2201304 Telephone Expenses - Allied Institutions | | 0 | 15000 |
| 123 | 2202001 Books & Periodicals | | 55000 | 25000 |
| 124 | 2202101 Printing & Stationery | | 290000 | 200000 |
| 125 | 2204001 Insurance | | 50000 | 50000 |
| 126 | 2204002 Insurance - Vehicles | | 0 | 30000 |
| 127 | 2205101 Miscellaneous Legal Expenses | | 150000 | 100000 |
| 128 | 2205102 Revenue Recovery Charges | | 3000 | 4000 |
| 129 | 2205201 Professional & Other Fees | | 25000 | 25000 |
| 130 | 2206001 Newspaper Advertisement Charges | | 70000 | 85000 |
| 131 | 2206002 Keralolsavam Expenses | | 25000 | 25000 |
| 132 | 2206099 Other Advertisement & Publicity Charges | | 40000 | 20000 |
| 133 | 2206101 Membership & Subscriptions | | 50000 | 30000 |
| 134 | 2208003 Grama Sabha/ Ward Sabha Expenses | | 80000 | 100000 |
| 135 | 2208005 Donations And Contributions As Per | | 65000 | 150000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | Government Order | | | |
| 136 | 2208006 Expenses towards removal of unauthorised hoardings, Boards, Banners etc.. | | 50000 | 50000 |
| 137 | 2208099 Miscellaneous Administration Expenses | | 350000 | 300000 |
| 138 | 2302001 Water Charges - Street Tap | | 121000 | 400000 |
| | **Total Administrative Expenses** | | **2341547** | **2382000** |
| | **Operation and Maintenance - 230** | | | |
| 139 | 2301001 Electricity Charges for Street Lights | | 500000 | 525000 |
| 140 | 2301002 Fuel Charges | | 250000 | 250000 |
| 141 | 2301003 Electricity Charges of Other Buildings of LB | | 100000 | 100000 |
| 142 | 2301006 Electricity Charges For Drinking Water Schemes | | 165000 | 175000 |
| 143 | 2304001 Vehicle Hire Charges | | 40000 | 40000 |
| 144 | 2304099 Other Hire Charges | | 35000 | 10000 |
| 145 | 2304101 Compensation for Dog Bite | | 0 | 300000 |
| 146 | 2305001 Repairs & Maintenance - Roads and Pavements | | 100000 | 125000 |
| 147 | 2305201 Repairs & Maintenance - Buildings | | 0 | 50000 |
| 148 | 2305301 Repairs & Maintenance - Vehicles | | 100000 | 100000 |
| 149 | 2305902 Repairs & Maintenance - Office Equipments | | 500000 | 400000 |
| 150 | 2305909 Other Repairs & Maintenance | | 0 | 100000 |
| 151 | 2308003 Expenses for Burying Unclaimed Dead bodies | | 0 | 50000 |
| 152 | 2308005 Expenses relating to collection of Taxes | | 150000 | 100000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 153 | 2308006 Contribution to other agencies | | 0 | 30000 |
| 154 | 2308008 Expenses Related to Pandemic/Epidemic Control | | 0 | 50000 |
| 155 | 2308009 Registration Of Vehicles | | 15000 | 30000 |
| 156 | 2308010 Extra - ordinary Expenses | | 60000 | 60000 |
| 157 | 2308013 Sanitation Expenses | | 240000 | 300000 |
| 158 | 2308099 Other Operating & Maintenance Expenses | | 35000 | 150000 |
| 159 | 2308101 Post Shifting Charge | | 0 | 25000 |
| 160 | 2308201 Refreshment Charges | | 110000 | 120000 |
| | **Total Operation and Maintenance** | | **2400000** | **3090000** |
| | **Interest and Finance Charges - 240** | | | |
| 161 | 2407001 Bank Charges | | 10000 | 10000 |
| 162 | 2408001 Other Finance Expenses | | 5000 | 10000 |
| | **Total Interest and Finance Charges** | | **15000** | **20000** |
| | **Programe Expenses - 250** | | | |
| 163 | 2501001 Election Expenses | | 500000 | 75000 |
| 164 | 2502001 Expenditure on Poverty Eradication Program | | 0 | 16727302 |
| | **Total Programe Expenses** | | **500000** | **16802302** |
| | **Expenses Related to Productive Sector - 251** | | | |
| 165 | 2510101 Agriculture - Paddy | | 486000 | 0 |
| 166 | 2510102 Agriculture - Coconut | | 1383100 | 0 |
| 167 | 2510104 Agriculture - Vegetables | | 368400 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 168 | 2510105 Agriculture - Plaintane | | 758186 | 0 |
| 169 | 2510106 Agriculture - Tubercrops | | 179800 | 0 |
| 170 | 2510117 Agriculture - Cereal Crops | | 25560 | 0 |
| 171 | 2510136 Agrarian Disease | | 25000 | 0 |
| 172 | 2510138 Agriculture - Other Crops | | 274450 | 0 |
| 173 | 2510205 Animal Husbandry - Poultry | | 351000 | 0 |
| 174 | 2510209 Animal Husbandry - Infrastructure | | 340000 | 0 |
| 175 | 2510210 Animal Husbandry - Disease Control | | 50000 | 0 |
| 176 | 2510305 Dairy Development - Milk Incentives | | 2085977 | 0 |
| 177 | 2510502 Minor Irrigation - Individual facilities | | 840000 | 0 |
| 178 | 2510802 Water Conservation | | 450000 | 0 |
| | **Total Expenses Related to Productive Sector** | | **7617473** | **0** |
| | **Expenses Related to Service Sector - 252** | | | |
| 179 | 2520102 Primary Education | | 1437800 | 0 |
| 180 | 2520107 Education-Related Activities | | 715473 | 0 |
| 181 | 2520109 Encourage Excellence of SC/ ST | | 1665935 | 0 |
| 182 | 2520111 Contribution towards SSA | | 200000 | 0 |
| 183 | 2520201 Continuing Education | | 186300 | 0 |
| 184 | 2520202 Literacy Equivalance Examination | | 50000 | 0 |
| 185 | 2520303 Reading Rooms ,Libraries - Periodicals | | 100000 | 0 |
| 186 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 2325000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 187 | 2520602 Health related Programs | | 1390429 | 0 |
| 188 | 2520618 Medical Institution - Allopathy | | 5234433 | 0 |
| 189 | 2520619 Medical Institution - Ayurvedic | | 1150000 | 0 |
| 190 | 2520620 Medical Institution - Homoeo | | 400000 | 0 |
| 191 | 2520702 Drinking Water - Public | | 1117400 | 0 |
| 192 | 2520801 Housing & House Electrification - Individual | | 14635000 | 0 |
| 193 | 2520901 Special Child Welfare Program | | 827290 | 0 |
| 194 | 2520902 Child Welfare Program | | 25000 | 0 |
| 195 | 2520903 Women Welfare | | 2741932 | 0 |
| 196 | 2520904 Welfare of the Aged | | 275000 | 0 |
| 197 | 2520905 Welfare Programs for the Destitute | | 500000 | 0 |
| 198 | 2520906 Welfare Programs for Physically/ Mentally Challenged | | 3492250 | 0 |
| 199 | 2520908 Social Security Programme | | 530880 | 0 |
| 200 | 2521001 Anganwadi Nutrition | | 4068800 | 0 |
| 201 | 2521101 Anganwadi Infrastructure | | 2114000 | 0 |
| 202 | 2521102 Anganwadi Related Services | | 30000 | 0 |
| 203 | 2521201 Vocational Capacity Building - Vocational Training | | 100000 | 0 |
| 204 | 2521203 Vocational Capacity Building - Related Activities | | 480000 | 0 |
| 205 | 2521401 Electricity Line Extension | | 31751 | 0 |
| 206 | 2521402 Electricity Line - Transformer - Voltage Improvement | | 177658 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 207 | 2521601 Local Government Service Delivery Improvement | | 350000 | 0 |
| 208 | 2521602 Payments to IKM | | 66063 | 0 |
| 209 | 2521701 Allied Institution Service Delivery Improvement | | 232622 | 0 |
| 210 | 2521903 Public Sanitation - Related Activities | | 453250 | 0 |
| 211 | 2521904 Toilet (Individual) | | 989600 | 0 |
| 212 | 2521905 Toilet (Institution Level) | | 156923 | 0 |
| 213 | 2522001 Plan Formulation, Implementation and Monitoring | | 284496 | 0 |
| 214 | 2522305 Solid Waste Management - Collection and Transportation | | 490888 | 0 |
| 215 | 2522310 Solid Waste Management - Disposal | | 1430941 | 0 |
| 216 | 2522311 Solid Waste Management - Integrated Projects | | 100000 | 0 |
| 217 | 2523201 Information and Knowledge Dissemination Capacity Development | | 110000 | 0 |
| 218 | 2523301 Renovation of Market | | 50000 | 0 |
| | **Total Expenses Related to Service Sector** | | **50717114** | **0** |
| | **Expenses Related to Infrastructure Sector - 253** | | | |
| 219 | 2530101 Street Lights | | 300000 | 0 |
| 220 | 2530102 Office Electrification | | 783192 | 0 |
| 221 | 2530201 Roads | | 243100 | 0 |
| 222 | 2530202 Lanes | | 475000 | 0 |
| 223 | 2530204 Culverts | | 436000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 224 | 2530301 Public Buildings - Local Government Office Building | | 838000 | 0 |
| 225 | 2530302 Public Buildings - Other Buildings | | 417795 | 0 |
| 226 | 2530405 Other Constructions | | 220500 | 0 |
| 227 | 2530501 Vehicle Rent for Engineering Wing | | 404450 | 0 |
| | **Total Expenses Related to Infrastructure Sector** | | **4118037** | **0** |
| | **Expenses related to State Sponsored Schemes - 254** | | | |
| 228 | 2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person | | 7435900 | 0 |
| 229 | 2540103 Financial help to widows towards marriage expenses of daughters | | 300000 | 0 |
| 230 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | | 8635800 | 8712000 |
| 231 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | | 11066000 | 19104000 |
| 232 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | | 374000 | 672000 |
| 233 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | | 0 | 3984000 |
| 234 | 2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage | | 0 | 350000 |
| 235 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | | 19833400 | 40416000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 236 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | | 4000000 | 20016000 |
| | **Total Expenses related to State Sponsored Schemes** | | **51645100** | **93254000** |
| | **Revenue Grants, Cotributions and Subsidies - 260** | | | |
| 237 | 2601003 Financial assistance to Arts and Sports Organisations | | 5000 | 5000 |
| 238 | 2601009 Treatment expenses- Mahatma Gandhi NREGA/ AUEGS | | 0 | 30000 |
| 239 | 2602301 Cutting Charges - Dangerous Trees | | 100000 | 15000 |
| | **Total Revenue Grants, Cotributions and Subsidies** | | **105000** | **50000** |
| | **Prior Period Items - 280** | | | |
| 240 | 2808001 Prior Period Expenses | | 250000 | 0 |
| 241 | 2808002 Prior Period Expenses - Remittance of Unutilized Grants to Government | | 0 | 200000 |
| | **Total Prior Period Items** | | **250000** | **200000** |
| | **Total Revenue Expenditure** | | **136403621** | **138459302** |
| | **Capital Expenditure - 4** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 242 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 0 | 50000 |
| | **Total Grants, Contribution for Specific Purposes** | | **0** | **50000** |
| | **Refund of Deposits - 340** | | | |
| 243 | 3401001 Earnest Money Deposit | | 50000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 244 | 3401002 Security Deposit | | 200000 | 0 |
| 245 | 3401003 Retention | | 300000 | 200000 |
| 246 | 3402002 Auction Deposit | | 1500 | 100000 |
| 247 | 3402006 Election Deposit(Candidate) | | 144000 | 0 |
| 248 | 3408001 Deposit Received From Halls, Stadiums and Auditoriums | | 30000 | 0 |
| | **Total Refund of Deposits** | | **725500** | **300000** |
| | **Payment of Recoveries - 350** | | | |
| 249 | 3501102 Net Salary Payable | | 432465 | 0 |
| 250 | 3501116 Pension Contribution Payable | | 47220 | 0 |
| 251 | 3501122 Leave Salary Payable | | 300000 | 0 |
| 252 | 3501301 Employers Liabilities - Pension Contribution (NPS) | | 217182 | 0 |
| 253 | 3501303 Employers Liabilities - Pension Contribution | | 650000 | 0 |
| 254 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | | 63420 | 0 |
| 255 | 3502006 Recoveries Payable - Insurance Premium | | 5566 | 0 |
| 256 | 3502012 Recoveries Payable - State Life Insurance | | 11425 | 0 |
| 257 | 3502013 Recoveries Payable - Group Saving Life Insurance | | 7800 | 0 |
| 258 | 3502014 Recoveries Payable - Group Insurance | | 8800 | 0 |
| 259 | 3502017 Recoveries Payable-GPAIS | | 11000 | 0 |
| 260 | 3502018 Recoveries Payable-Audit Recovery | | 50000 | 50000 |
| 261 | 3502020 Recoveries Payable - Employee Share NPS | | 17182 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 262 | 3502022 Recoveries Payable -Medisep -Regular | | 5500 | 0 |
| 263 | 3502025 Recoveries Payable - Income Tax Deducted at Source | | 100000 | 0 |
| 264 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | | 50000 | 0 |
| 265 | 3502028 Recoveries Payable - Other Recoveries | | 3240 | 0 |
| 266 | 3502038 Recoveries Payable - PF Loan Repayment - KPEPF | | 11520 | 0 |
| 267 | 3503001 Government and Other Dues Payable - Library Cess Payable | | 357966 | 0 |
| 268 | 3503005 Government and Other Dues Payable-TDS - CGST | | 55715 | 0 |
| 269 | 3503006 Government and Other Dues Payable-TDS - SGST | | 52829 | 0 |
| 270 | 3503008 Government and Other Dues Payable - CGST | | 100 | 0 |
| 271 | 3503009 Government and Other Dues Payable - SGST | | 100 | 0 |
| 272 | 3503016 Forest Tax Payable | | 1500 | 0 |
| 273 | 3504010 Refund Payable - Other Fees | | 6000 | 0 |
| | **Total Payment of Recoveries** | | **2466530** | **50000** |
| | **Fixed Assets - 410** | | | |
| 274 | 4101002 Grounds | | 433200 | 0 |
| 275 | 4101008 Public well | | 48789 | 0 |
| 276 | 4102002 Administrative Buildings | | 1000000 | 0 |
| 277 | 4102005 Hospital Buildings | | 9560988 | 0 |
| 278 | 4102008 School Buildings | | 1419530 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 279 | 4102011 Public Comfort Stations | | 709940 | 0 |
| 280 | 4102016 Other Buildings | | 4233342 | 0 |
| 281 | 4103001 Concrete Roads | | 5584399 | 0 |
| 282 | 4103002 Black Topped Roads | | 3482200 | 0 |
| 283 | 4103004 Footpath | | 687000 | 0 |
| 284 | 4103012 Side Walls | | 4232420 | 0 |
| 285 | 4103099 Other Constructions | | 150000 | 0 |
| 286 | 4103102 Drainage | | 75000 | 0 |
| 287 | 4106001 Office & Other Equipments | | 65000 | 0 |
| 288 | 4106002 Computers, Printers & Peripherals | | 741000 | 0 |
| 289 | 4107001 Furniture, Fixtures, Fittings & Electrical Appliances | | 673000 | 0 |
| 290 | 4108001 Other Fixed Assets | | 3450300 | 0 |
| | **Total Fixed Assets** | | **36546108** | **0** |
| | **Stock in Hand - 430** | | | |
| 291 | 4301002 Purchase of Material - Stores | | 15000 | 0 |
| | **Total Stock in Hand** | | **15000** | **0** |
| | **Loans, Advances and Deposits - 460** | | | |
| 292 | 4601001 Festival Advance to Employees | | 160000 | 0 |
| 293 | 4605003 Advance to Implementing Officers | | 500000 | 0 |
| 294 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 2000000 | 2100000 |
| | **Total Loans, Advances and Deposits** | | **2660000** | **2100000** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Total Capital Expenditure** | | **42413138** | **2500000** |
| | **Total Expenditure** | | **178816759** | **140959302** |
| | **Total Receipts** | | **191880405** | **229809685** |
| | **Balance** | | **43793573** | **132643956** |